(Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബിസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കേണ്ടതാണ്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി**

14(*44) ശ്രീ. കെ. രാജു :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ, ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ ഒരു കോർഗ്രൂപ്പ് രൂപീകരിക്കുകയും എൻ.ആർ.എൽ.എം. നിർവ്വഹണത്തിനായുള്ള കരട് പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ദരിദ്ര കുടുംബങ്ങളിൽനിന്ന് ഒരാളിനെയെങ്കിലും സ്വയംസഹായ സംഘങ്ങളിൽ അംഗങ്ങളാക്കുക, സ്വയംസഹായ സംഘങ്ങൾക്കായുള്ള പരിശീലനവും ശേഷി വർദ്ധിപ്പിക്കൽ പരിപാടികളും സംഘടിപ്പിക്കുക, ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, മൂലധന സബ്സിഡി, പലിശ സബ്സിഡി, അടിസ്ഥാന സൗകര്യവികസനം എന്നിവ ലഭ്യമാക്കുക എന്നിവയാണ് എൻ.ആർ.എൽ.എം. പദ്ധതിയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന നോഡൽ ഓഫീസറായി കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. കൂടാതെ, നോഡൽ ഓഫീസർ ഉൾപ്പെടെ 8 അംഗങ്ങളുള്ള ഒരു സംസ്ഥാനതല കോർഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷൻ സംവിധാനങ്ങളെ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥ പുനഃക്രമീകരണത്തോടെ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(1) കുടുംബശ്രീ സംസ്ഥാന മിഷൻ:- ഒരു ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ, വനിതാ-ശിശു പ്രോഗ്രാമുകളുടെ ചുമതലയുള്ള രണ്ട് സംസ്ഥാന കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സേവനം സംസ്ഥാന മിഷൻ തലത്തിൽ ലഭ്യമാകും.

(2) കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ (വനിതാ ക്ഷേമം), ജില്ലാ വനിതാ ക്ഷേമ ഓഫീസർമാർ എന്നിവരുടെ സേവനം ജില്ലാ മിഷൻ തലത്തിൽ ലഭ്യമാകും.

കൂടാതെ ബ്ലോക്ക് തലത്തിൽ ഒരു എക്സ്റ്റൻഷൻ ഓഫീസറുടെ (വനിതാ ക്ഷേമം) സേവനവും, ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും എൻ.ആർ.എൽ.എം. പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാകും. എൻ.ആർ.എൽ.എം. പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്ന ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ എന്നിവരെ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിൽനിന്നും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എൻ.ആർ.എൽ.എം. പ്രോജക്ട് രൂപീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി**

15(*45) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പദ്ധതിപ്രകാരം എത്ര വീടുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എത്ര വീടുകൾ പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽനിന്ന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; സഹകരണ സ്ഥാപനങ്ങളിൽനിന്നും എത്ര കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly